# WELCOME

# ULLANAM AMUP SCHOOL

**100 MONUMENTAL YEARS - A TRADITIONAL EXCELLENCE**



കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്




# തിരികെ സ്കൂളിലേക്ക്...

## സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള നിർദ്ദേശങ്ങൾ

# പൊതു നിർദ്ദേശങ്ങൾ

1.രക്ഷിതാക്കളുടെ പൂർണ്ണ സമ്മതത്തോടെ ആയിരിക്കണം കുട്ടികൾ സ്കൂളിൽ എത്തേണ്ടത്



സമ്മതപത്രം

**From :**

.......................................

.......................................

.......................................

**To** :

ക്ലാസ് ടീച്ചർ

..................

സാർ,

കോവിഡിൻെറ പശ്ചാത്തലത്തിൽ നവംബർ 1 മുതൽ സ്കൂൾ തുറന്ന് പ്രവർത്തിക്കുമ്പോൾ ...........................ൽ പഠിക്കുന്ന എൻെറ ........................................................ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് സ്കൂളിൻെറ നിർദ്ദേശങ്ങൾ അനുസരിച്ച് കൊണ്ട് സ്കൂളിൽ വിടാൻ എനിക്ക് സമ്മതമാണ് .

സ്ഥലം : രക്ഷിതാവിൻെറ പേര് :

തിയ്യതി : ഒപ്പ് :

കുട്ടികൾ സ്കൂളിൽ വരാൻ രക്ഷിതാക്കളുടെ സമ്മതപത്രം നിർബന്ധം. അതും കുടുംബാംഗങ്ങളുടെ ഡീറ്റയിൽസ് അടങ്ങുന്ന ഫോർമാറ്റും മീറ്റിംഗിനിടയിൽ പൂരിപ്പിച്ച് നൽകണം.

2.അസുഖബാധിതരും ഭിന്നശേഷിയുള്ള കുട്ടികളും സ്ഥിരമായി മരുന്നു കഴിക്കുന്നതുമായ കുട്ടികളെ തുടക്കത്തിൽ സ്കൂളിൽ അയക്കേണ്ടതില്ല.

3.കുട്ടിയെ സ്കൂളിൽ എത്തിക്കുന്നതും കൊണ്ടു പോകുന്നതുമായ ഉത്തരവാദിത്തം രക്ഷിതാക്കൾക്കാണ്.



4.സാധിക്കുമെങ്കിൽ രക്ഷിതാക്കൾ തന്നെ കുട്ടികളെ സ്കൂളിൽ എത്തിക്കുക

5.എന്നാൽ രക്ഷിതാക്കൾ സ്കൂളിൽ തങ്ങരുത്, Compound ൽ പ്രവേശിക്കരുത്.



6.സ്കൂൾ ബസിൻ്റെ തീരുമാനം പിന്നീട് അറിയിക്കും

7. ഗേറ്റ് കടന്ന് വരുന്ന കുട്ടികളുടെ കൈ സാനിറ്റൈസ് ചെയ്യും.

8. സ്കൂളിൽ വരുമ്പോൾ നിത്യവും തെർമൽ സ്കാനർ ഉപയോഗിച്ച് പനി നോക്കും.





9. പനിയുള്ളവരെ സ്കൂളിൽ ഒരുക്കിയ  പ്രത്യേക റൂമിൽ മാറ്റി നിർത്തുന്നതും പ്രാഥമിക പരിശോധന നടത്തി രക്ഷിതാക്കളെ വിവരം അറിയിക്കുന്നതുമാണ്. ഇത്തരം കേസിൽ രക്ഷിതാക്കൾ സ്കൂളിലെത്തി കുട്ടികളെ ഏറ്റെടുക്കേണ്ടതാണ്.

10. കോവിഡ് പശ്ചാത്തലത്തിൽ ഒരു ക്ലാസിൽ ശരാശരി 20 കുട്ടികൾ വീതമാക്കി മാറ്റി ക്ലാസ് ഡിവിഷനുകൾ പുന:ക്രമീകരിച്ചിട്ടുണ്ട്.

11. ഒരു ബെഞ്ചിൽ രണ്ട് കുട്ടികൾ മാത്രം
രക്ഷിതാക്കൾ ഇപ്പാൾ മീറ്റിംഗിൽ ഇരിക്കുന്ന ക്രമത്തിലാണ് കുട്ടികൾ ക്ലാസിൽ ഇരിക്കുക
കുട്ടികൾ സ്ഥാനം മാറാൻ പാടില്ല.
ഒരു കുട്ടി വന്നില്ലെങ്കിൽ ആ സീറ്റ് ഒഴിഞ്ഞു കിടക്കും.




12.ഓരോ ക്ലാസ്സിലേയും കുട്ടികളെ അവരുടെ വീട് സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ബാച്ചുകളാക്കി തിരിച്ചിട്ടുണ്ട്

13. ബയോ ബബ്ൾ മാതൃകയിലാണ് ബാച്ച്. അതിൽ ഒരാൾക്ക് കോവിഡ് വന്നാൽ ബാച്ചിലെ മുഴുവൻ കുട്ടികളും ക്വാറന്റൈനിൽ പോകണം



14.ഒരു ബാച്ചിന് ആഴ്ചയിൽ 2 ദിവസം മാത്രമാണ് ക്ലാസ്




- തയ്യിലപ്പടി to കുട്ടുമൂച്ചി റോഡിന്റെ പടിഞ്ഞാറ് ഭാഗം
- തയ്യിലപ്പടി to കുട്ടുമൂച്ചി റോഡിന്റെ കിഴക്കേ ഭാഗം
- തയ്യിലപ്പടി to പരപ്പനങ്ങാടി റോഡിന്റെ തെക്ക് ഭാഗം(കോട്ടത്തറ അടക്കം)



15.First Bell അടിക്കുന്നത് 10:20 am ന്.ക്ലാസ് ആരംഭിക്കുന്നത് 10:30am ന്.

10:20 ന് മുമ്പ് ഒരു കാരണവശാലും കുട്ടികൾ സ്കൂളിൽ എത്തിച്ചേരരുത്.

16.തുടക്കത്തിൽ പരമാവധി ക്ലാസ് സമയം 3 മണിക്കൂർ (10:30am to 1:30pm)

ഒരു ദിവസം 4 പിരീഡ്

തുടക്കത്തിൽ എൻടി ആക്ടിവിറ്റീസ് ക്ലാസും motivation ക്ലാസും മാത്രമാകും ഉണ്ടാകുക




17.ക്ലാസുകൾ നിത്യവും അണുവിമുക്തമാക്കുന്നതാണ്.

18.ഒരു മാസ്ക് മുഖത്തും ഒന്ന് ബാഗിലും ഉണ്ടായിരിക്കണം.







19.Spray ചെയ്യുന്ന തരത്തിലുള്ള ഒരു സാനിറ്റൈസർ ബോട്ടിൽ എല്ലാവരും സ്വന്തമായി കൈയിൽ കരുതുക. ഇടയ്ക്കിടെ ഉപയോഗിക്കുക.

മാസ്കിൻ്റെ ഗുണമേൻമ ശ്രദ്ധിക്കുക. നിത്യവും കഴുകുക, നനഞ്ഞത് ഉപയോഗിക്കരുത്

20.ഇൻറർവെൽ ഉണ്ടാവില്ല. അത്യാവശ്യമായി ബാത്ത് റൂമിൽ പോകേണ്ടവർക്ക് ഒറ്റക്കൊറ്റക്ക് പോകാൻ അനുമതി നൽകും.

കാമ്പസിലോ വരാന്തയിലോ കൂട്ടം കൂടരുത്.

21.ഷേക്ക് ഹാൻ്റ്, തോളിൽ കയ്യിട്ട് നടത്തം, കൈ കോർത്ത് പിടിച്ച് നടത്തം എന്നിവ പാടില്ല.

22.യൂണിഫോം ഉള്ളവർ ധരിക്കുക. നിർബന്ധമില്ല.  എന്നാൽ വസ്ത്രം മാന്യമായിരിക്കണം



23.ഇപ്പോൾ  ഉച്ചഭക്ഷണ വിതരണം ഇല്ല

24.തിളപ്പിച്ചാറിയ കുടിവെള്ളം നിർബന്ധമായും കൊണ്ടു വരണം.
സ്നാക്ക്സ്, ഭക്ഷ്യവസ്തുക്കൾ, മിഠായി എന്നിവ കൊടുത്തയക്കരുത്.

രാവിലെ നന്നായി ബ്രേക്ക് ഫാസ്റ്റ് കഴിച്ചു എന്ന് ഉറപ്പു വരുത്തുക.



25.പഠനോപകരണങ്ങളും  കുടിവെള്ളവും കുട്ടികൾ share ചെയ്യരുത്.

26.ആഴ്ച തോറും നടക്കാറുള്ള ഓൺലൈൻ ക്ലാസുകൾ ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തുടരും

27.വിക്ടേഴ്സ് ക്ലാസും അധ്യാപകർ നൽകുന്ന സപ്പോർട്ടിംഗ് വീഡിയോകളും കുട്ടികൾ തുടർന്നും കാണണം.

28.ഗ്രൂപ്പിലൂടെ നൽകുന്ന നോട്ടുകൾ എഴുതണം, വർക്കുകൾ ചെയ്യണം,

29.കുട്ടികൾ School ൽ വരേണ്ടാത്ത ദിവസങ്ങളിൽ, മുമ്പ് വന്ന ദിവസങ്ങളിൽ കൊടുത്തിട്ടുള്ള വർക്ക് വീട്ടിലിരുന്ന് ചെയ്യുന്നുണ്ടോ എന്ന് രക്ഷിതാക്കൾ ശ്രദ്ധിക്കണം

30.ഗൂഗിൾ ഫോം വഴിയുള്ള പരീക്ഷകൾ, വിവര ശേഖരണങ്ങൾ, ഗൂഗിൾ മീറ്റ് വഴിയുള്ള ക്ലാസുകൾ, മത്സരങ്ങൾ ഒക്കെ ഇനിയും തുടരും



31.കോവിഡ് പ്രോട്ടോക്കോൾ പൂർണമായി പാലിക്കുക.

32.അധ്യാപകരുടെ നിർദ്ദേശങ്ങൾ പൂർണമായും പാലിക്കുക.

33.ഓരോ ഫ്ലോറിലുമുള്ള കുട്ടികളെ പ്രത്യേകം ഇടവേള നൽകി അകലം പാലിച്ചായിരിക്കും വീട്ടിലേക്ക് വിടുക.



34.വീട് വിട്ടാൽ ക്ലാസ്, ക്ലാസ് വിട്ടാൽ വീട് - ഇക്കാര്യം രക്ഷിതാക്കൾ ഉറപ്പ് വരുത്തുക.




35.യാത്രാവേളകളിലും covid protocol നിർബന്ധം

36.തിരിച്ച് വീട്ടിൽ എത്തിയാൽ ഉപയോഗിച്ച വസ്ത്രം പുറത്ത് കഴുകാനിട്ട്, കുളിച്ച ശേഷം അകത്ത് കയറുക.




38.രക്ഷിതാക്കൾ ഉടൻ തന്നെ vaccination പൂർത്തിയാക്കുക.

39.രക്ഷിതാക്കൾ കുട്ടികൾക്ക് പരമാവധി Support ഉം Confidence ഉം നൽകുക.